# തെലുങ്കാന പ്രശ്നത്തിൽ മുസ്‌ലിം നിലപാട്

**ആസാമിലും** മഹാരാഷ്ട്രയിലും നടമാടുന്ന മണ്ണിന്റെ മക്കൾ വാദവും വംശീയ പീഡനവും പൊതുവിൽ അപലപിക്കപ്പെട്ടിട്ടുള്ളതാണ്. ആക്രാമകവും സങ്കുചിതവുമായ പ്രാദേശിക വാദത്തെ എതിർക്കാതിരിക്കാൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന് ഒരിക്കലും കഴിയുകയില്ല. എന്നാൽ ഒരു പ്രദേശം സ്വന്തമായ ജില്ലക്കോ സംസ്ഥാനത്തിനോ വേണ്ടി വാദിക്കുന്നത് മറ്റു പ്രദേശങ്ങളുടെ അവകാശങ്ങൾ ഹനിക്കാത്തേടത്തോളം സങ്കുചിതമായ മണ്ണിന്റെ മക്കൾ വാദമായി കണ്ടുകൂടാ. ഈ അടിസ്ഥാനത്തിൽ തെലുങ്കാനാ പ്രസ്ഥാനം പ്രാദേശിക വാദത്തിനപ്പുറം തെലങ്കാനയിലെ സാമ്പത്തിക, വിദ്യാഭ്യാസ, തൊഴിൽ രംഗങ്ങളിൽ തെലുങ്കാനക്കാരല്ലാത്തവർ പുലർത്തുന്ന മേൽക്കൈക്കെതിരെയുള്ള പ്രതികരണമായിട്ടാണ് കാണേണ്ടത്. ഉത്തർപ്രദേശിൽനിന്ന് ഉത്തരാഞ്ചലും ബീഹാറിൽനിന്ന് ഝാർഖണ്ഡും മധ്യപ്രദേശിൽനിന്ന് ഛത്തീസ്ഗഢും പ്രത്യേക സംസ്ഥാനങ്ങളായി വേർപിരിഞ്ഞത് ഇതേ പ്രശ്നങ്ങളുടെ പേരിലാണ്. മഹാരാഷ്ട്രയിലും കർണാടകയിലും മറ്റു പല സംസ്ഥാനങ്ങളിലും ഇത്തരം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്.

രണ്ടു ദശകത്തോളമായി ആന്ധ്രയിൽ തെലുങ്കാന സംസ്ഥാനത്തിനു വേണ്ടിയുള്ള ശബ്ദമുയർന്ന് തുടങ്ങിയിട്ട്. തെലുങ്കാനക്കാരുടെ പൊതുവികാരമായി വളർന്നിരിക്കുകയാണതിപ്പോൾ. സാമ്പത്തിക-വ്യാവസായിക-വിദ്യാഭ്യാസ മേഖലകളിൽ വികസ്വരമായ പ്രദേശമാണ് തെലുങ്കാന. ഈ വികസനത്തിന്റെ മെച്ചങ്ങളേറെയും റായലസീമക്കാർ കൊണ്ടുപോകുന്നുവെന്നാണവരുടെ പരാതി. ഇവിടെ നിന്നാണ് തെലുങ്കാന പ്രത്യേക സംസ്ഥാനമാകണമെന്ന ആവശ്യം മുളക്കുന്നത്. ആന്ധ്രയുടെ വിസ്തൃതിയും കിടപ്പും ജനസംഖ്യയുമൊക്കെ സംസ്ഥാനത്തിന്റെ വിഭജനത്തിന് അനുകൂലമാണ്. കോൺഗ്രസ്, ബി.ജെ.പി തുടങ്ങിയ ദേശീയകക്ഷികൾ തത്ത്വത്തിൽ വിഭജനത്തിന് അനുകൂലവുമാണ്. പൊതുവിൽ പാഴ്ഭൂമിയാണ് റായലസീമ പ്രദേശം. എങ്കിലും സമൃദ്ധമായ ഖനിജവിഭങ്ങളുള്ളതിനാൽ ഝാർഖണ്ഡിനെയും ഛത്തീസ്ഗഢിനെയും പോലെ ഏറെക്കുറെ സ്വയം പര്യാപ്തമാണീ പ്രദേശവും. റായലസീമക്കാർ സ്വന്തം സംസ്ഥാനത്തിനു വേണ്ടി ശബ്ദമുയർത്തുന്നില്ല എന്നതാണ് തെലുങ്കാന സംസ്ഥാന രൂപീകരണം നീണ്ടുപോകാനുള്ള ഒരു കാരണം. മറ്റൊരു കാരണം, വിഭജനം ചില രാഷ്ട്രീയ പാർട്ടികളുടെയും നേതാക്കളുടെയും അധികാര താൽപര്യങ്ങളെ പ്രതികൂലമായി ബാധിക്കുമോ എന്ന ആശങ്കയും. അത്തരം പാർട്ടികൾക്ക് പ്രശ്നത്തിൽ സുവ്യക്തവും സുദൃഢവുമായ തീരുമാനമെടുക്കാൻ കഴിയുന്നില്ല. കേന്ദ്രത്തെയാവാട്ടെ, തെലുങ്കാന സംസ്ഥാനം അനുവദിച്ചുകഴിഞ്ഞാൽ സമാനമായ മറ്റു പ്രദേശങ്ങളുടെ ആവശ്യവും അംഗീകരിക്കേണ്ടിവരുമെന്ന പ്രശ്നം വേട്ടയാടുന്നു. അതുകൊണ്ട് വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു സമിതിയെ നിയോഗിച്ചിരിക്കുകയാണവരിപ്പോൾ. തെലുങ്കാന സംസ്ഥാന രൂപീകരണം ലക്ഷ്യമായി പ്രഖ്യാപിച്ച് അത് നേടിയേ അടങ്ങൂ എന്ന പ്രതിജ്ഞയെടുത്തിരിക്കുകയാണ് 'തെലുങ്കാന രാഷ്ട്രീയ സമിതി' (ടി.ആർ.എസ്) എന്ന രാഷ്ട്രീയ പാർട്ടി.

തെലുങ്കാന പ്രശ്നത്തിൽ സ്വീകരിക്കേണ്ട നിലപാട് ആ പ്രദേശത്തെ മുസ്‌ലിംകളുടെ ഭാവിയെ സംബന്ധിച്ചേടത്തോളം ഏറെ പ്രസക്തമാകുന്നു. മുസ്‌ലിംകളുടെ എതിർപ്പോടെ അല്ലെങ്കിൽ പിന്തുണയില്ലാതെയാണ് തെലുങ്കാന പ്രസ്ഥാനം വിജയിക്കുന്നതെങ്കിൽ അത് ആ പ്രദേശത്ത് വർഗീയത വളരാൻ കളമൊരുക്കും. റൂറൽ മുസ്‌ലിംകൾ

വ്യക്തമായ രാഷ്ട്രീയ ബോധമില്ലാതെ ഭൂരിപക്ഷത്തിന്റെ ഒഴുക്കിൽ പെട്ട് ഈ പ്രസ്ഥാനത്തെ പിന്തുണച്ചാലും പുതിയ സംസ്ഥാനത്ത് അവർക്ക് അർഹമായ സ്വാധീനം ചെലുത്താനോ പ്രാതിനിധ്യം നേടാനോ കഴിയണമെന്നില്ല. മുസ്‌ലിം സംഘടനകളും നേതാക്കളും പ്രശ്നം ആഴത്തിൽ ചർച്ച ചെയ്ത് വ്യക്തമായ ധാരണകളുടെ അടിസ്ഥാനത്തിൽ തെലുങ്കാനാ പ്രസ്ഥാനത്തെ പിന്തുണക്കേണ്ടതാണെന്നാണ് ജമാഅത്തെ ഇസ്‌ലാമിയുടെ നിലപാട്. പ്രശ്നത്തിൽ വർഗീയത കലരാതിരിക്കാനും നിർദിഷ്ട സംസ്ഥാനത്ത് സമുദായത്തിന്റെ ന്യായമായ താൽപര്യങ്ങൾ സംരക്ഷിക്കാനും അതാണ് സഹായകമാവുക. പ്രാദേശിക ജനതകൾ അവരുടെ അധഃസ്ഥിതി ദൂരീകരിക്കാനും സാമൂഹികനീതിയും സാമാജിക സമത്വവും സ്ഥാപിക്കാനും മറ്റുള്ളവരുടെ അവകാശങ്ങൾ നിഷേധിക്കാതെ സ്വന്തം വഴി തേടുന്നത് ഇസ്‌ലാമിക തത്ത്വങ്ങൾ വിലക്കുന്നില്ല. തെലുങ്കാനയിലെ മുസ്‌ലിംകൾ അടക്കമുള്ള സാമാന്യ ജനങ്ങളുടെ നീതിയുക്തമായ ആവശ്യമാണ് സംസ്ഥാന രൂപീകരണം. മുസ്‌ലിംകൾ അതിനെ എതിർക്കുന്നത് അവരുടെ രാഷ്ട്രീയ സ്വാധീനം ക്ഷയിപ്പിക്കുകയേയുള്ളൂ. കൂടാതെ ഭൂരിപക്ഷ സമൂഹത്തിന്റെ കണ്ണിൽ അവർ കൂടുതൽ അപരവത്കരിക്കപ്പെടുകയും ചെയ്യും. നേരെ മറിച്ച്, മുസ്‌ലിംകളുടെ വ്യക്തമായ പിന്തുണ 'തെലുങ്കാന രാഷ്ട്രീയ സമിതി' ബി.ജെ.പിയുമായി സഖ്യത്തിലേർപ്പെടുന്നത് തടയാൻ സഹായകമാകും.

'മജ്‌ലിസെ ഇത്തിഹാദുൽ മുസ്‌ലിമീൻ' (എം.ഐ.എം) ഇനിയും അതിന്റെ മനസ്സ് തുറന്നിട്ടില്ല. ഹൈദറാബാദ് പ്രദേശം കേന്ദ്ര ഭരണ പ്രദേശമാക്കണമെന്നാണവരുടെ മനസ്സിലിരിപ്പെന്ന് കേൾക്കുന്നുണ്ട്. അത് ഒരു വർഗീയ സമീപനമായി ഇപ്പോൾതന്നെ വ്യാഖ്യാനിക്കപ്പെടുകയും ചെയ്തിരിക്കുന്നു. റൂറൽ മുസ്‌ലിംകളെ വഞ്ചിക്കുന്നതാണീ ആവശ്യം. സംസ്ഥാന രൂപീകരണത്തിനു മുമ്പിൽ കടമ്പകൾ വലിച്ചിടാനും പ്രശ്നത്തിൽ ഹിന്ദു വർഗീയതക്ക് ഇടം നൽകാനും മാത്രമേ ഇത് ഉപകരിക്കൂ.

ഈ വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് ജമാഅത്തെ ഇസ്‌ലാമി ആന്ധ്ര-ഒറീസ ഹൽഖ തെലുങ്കാന പ്രസ്ഥാനത്തിന് വ്യക്തമായ പിന്തുണ പ്രഖ്യാപിച്ചത് സന്ദർഭോചിതമായിരിക്കുന്നു. തെലുങ്കാന വിഷയത്തിൽ ചാഞ്ചാട്ടം വെടിഞ്ഞ് വ്യക്തവും ക്രിയാത്മകവുമായ തീരുമാനം പ്രഖ്യാപിക്കണമന്ന് എം.ഐ.എം അടക്കമുള്ള മുസ്‌ലിം സംഘടനകളോടും നേതാക്കളോടും ജമാഅത്ത് അഭ്യർഥിച്ചിട്ടുണ്ട്. യുണൈറ്റഡ് മുസ്‌ലിം ഫോറം പുനരുജ്ജീവിപ്പിച്ചുകൊണ്ടോ അല്ലെങ്കിൽ ബദൽ ഫോറം രൂപീകരിച്ചുകൊണ്ടോ തെലുങ്കാനാ പ്രശ്നത്തിൽ മുസ്‌ലിം ബഹുജനാഭിപ്രായം ഏകീകരിക്കാൻ നടപടി സ്വീകരിക്കുകയും വേണം.

മുസ്‌ലിം നേതാക്കളുമായി തെലുങ്കാന പ്രശ്നം ഉള്ളുതുറന്ന് ചർച്ച ചെയ്യാൻ സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികൾ തയാറാകേണ്ടതുണ്ട്. വ്യക്തമായ പരസ്പര ധാരണയുടെ അടിത്തറയിലാകുമ്പോഴാണല്ലോ പിന്തുണ ദൃഢമാവുക. സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികൾ, കോൺഗ്രസ്സും ടി.ഡി.പിയും കമ്യൂണിസ്റ്റ് പാർട്ടിയും വിശേഷിച്ചും തെലുങ്കാന പ്രശ്നത്തിൽ പുലർത്തുന്ന അഴകൊഴമ്പൻ നയം സ്ഥിതിഗതികൾ കൂടുതൽ വഷളാക്കാനേ സഹായിക്കൂ. ന്യായവും അനിവാര്യവുമായതിനെ എത്രയും വേഗം വെട്ടിത്തുറന്ന് അംഗീകരിക്കുന്നതാണ് എല്ലാവർക്കും നല്ലത്.

ആന്ധ്രപ്രദേശ് ജമാഅത്തെ ഇസ്‌ലാമി തെലങ്കാനാ വിഷയത്തിൽ, ഹൈദറാബാദിലെ നൈസാം കോളേജ് ഗ്രൗണ്ടിൽ വിപുലമായ സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി. ഇക്കഴിഞ്ഞ ഫെബ്രുവരി 7-ന് നടന്ന സമ്മേളനത്തിൽ മുസ്‌ലിംകളും അമുസ്‌ലിംകളുമടക്കം അമ്പതിനായിരത്തോളം പേർ പങ്കെടുത്തിരുന്നു. തെലുങ്കാന വിഷയത്തിന്റെ നാനാ വശങ്ങളും വിശദമായി ചർച്ച ചെയ്ത ശേഷമാണ് ജമാഅത്ത് സംസ്ഥാന രൂപീകരണത്തിനു പിന്തുണ പ്രഖ്യാപിച്ചത്. ■